ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.05.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അഞ്ച് രാജ്യങ്ങളിലെ ആറ് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിൽ തിരിച്ചെത്തി.

   **Prime Minister Narendra Modi returned after completing a six-day visit to five countries.**

2. സൗന്ദര്യചികിത്സാ ക്ലിനിക്കുകളും ഉപഭോക്താക്കളും സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ കുത്തിവയ്പ്പായി ഉപയോഗിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ.

   **The Union Government said that no cosmetic product is permitted to be used as an injection by consumers, professionals and aesthetic clinics.**

3. പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് തുടക്കമായി. പ്രോടേം സ്പീക്കർക്ക് മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അംഗങ്ങൾ. സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ.

   **The first session of the 16th Kerala Legislative Assembly began today. Members took oath before the Pro-tem Speaker. The Speaker election will be held tomorrow.**

4. പശ്ചിമ ബംഗാളിലെ ഫാൽട്ട നിയമസഭാ മണ്ഡലത്തിൽ റീപോളിംഗ് പുരോഗമിക്കുന്നു. 11 മണി വരെ 42 ശതമാനമാണ് പോളിംഗ്.

   **Re-polling is underway in the Falta Assembly constituency in West Bengal. 42 percent voter turnout till 11 a.m.**

5. എബോള രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്ന് എത്തുന്നവർക്ക് കർശന ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

**The Union Health Ministry has issued an advisory regarding Ebola disease for passengers arriving from or transiting through affected countries.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സ് പോരാട്ടം.

**In IPL cricket Gujarat Titans will take on Chennai Super Kings today.**

**&&&&&&&&&&&&&&&&&&**

## PM – ITALY VISIT

ഇറ്റലി സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. അഞ്ച് രാഷ്ട്രങ്ങളിലെക്കുള്ള ഔദ്യോഗിക പര്യടനത്തിന്റെ അവസാന ഘട്ടത്തിലാണ് അദ്ദേഹം ഇറ്റലിയിലെത്തിയത്. സന്ദർശനവേളയിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിന് 15 കരാറുകളിൽ ഒപ്പുവച്ചു. യു എ ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവെ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്കാണ് പ്രധാനമന്ത്രി ഔദ്യോഗിക സന്ദർശനം നടത്തിയത്.

**&&&&&&&&&&&&&&&&&&**

## YEAR OF CULTURE

ഇന്ത്യയും ഇറ്റലിയും തമ്മിലുള്ള സാംസ്കാരിക വിനിമയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2027 "സാംസ്കാരിക രംഗത്തിന്റെയും വിനോദ സഞ്ചാരത്തിന്റെയും വർഷം" ആയി ആഘോഷിക്കും.

ഇരുരാജ്യങ്ങളും തമ്മിലുള്ള സംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇത് സഹായകമാകുമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനി പറഞ്ഞു. രാഷ്ട്രീയപരമായും സാമ്പത്തികമായും മാത്രമല്ല ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലൂടെയും ഒരു രാജ്യത്തിന്റെ ശക്തി അളക്കപ്പെടുമെന്നും അവർ പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## RUBIO - INDIA VISIT

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുമായി ചേർന്ന് അമേരിക്കയുടെ 250-ാം ജന്മദിനം ആഘോഷിക്കാൻ ആഗ്രഹിക്കുന്നതായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ. മറ്റെന്നാൾ ആരംഭിക്കുന്ന ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായി പങ്കുവെച്ച വീഡിയോ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ജൂലൈ 4 നാണ് സ്വാതന്ത്ര്യ പ്രഖ്യാപനം ഒപ്പുവച്ചതിന്റെ 250-ാം വാർഷികം അമേരിക്ക ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## GOVT - COSMETIC PRODUCT.

സൗന്ദര്യചികിത്സാ ക്ലിനിക്കുകളും ഉപഭോക്താക്കളും സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ കുത്തിവയ്പ്പായി ഉപയോഗിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ. സൗന്ദര്യവർദ്ധക വസ്തുക്കൾ മനുഷ്യശരീരത്തിൽ ലേപനങ്ങളായോ സ്പ്രേ ആയോ മാത്രമേ ഉപയോഗിക്കാവൂവെന്നും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ അറിയിച്ചു . സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങളിലെ നിരോധിത ചേരുവകളുടെ ഉപയോഗം, തെറ്റിദ്ധരിപ്പിക്കുന്ന അവകാശവാദങ്ങൾ, എന്നിവ നിയമലംഘനമാണെന്നും CDSCO വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## TN-SWEARING IN

തമിഴ്നാട്ടിൽ 23 മന്ത്രിമാർ കൂടി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു . ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. സത്യപ്രതിജ്ഞ ചെയ്തവരിൽ മൂന്ന് വനിതാ മന്ത്രിമാരും ഉൾപ്പെടുന്നു. നിലവിൽ സി ജോസഫ് വിജയ് സർക്കാരിൽ ഒരു വനിതാ മന്ത്രി ഉൾപ്പെടെ ഒമ്പത് മന്ത്രിമാരുണ്ട്. കോൺഗ്രസ് പാർട്ടിയിൽ നിന്നുള്ള രണ്ട് അംഗങ്ങൾ കൂടെ മന്ത്രിസഭയുടെ ഭാഗമായതോടെ ആകെ അംഗസംഖ്യ 32 ആയി.

&&&&&&&&&&&&&&&&&&

## KERALA ASSEMBLY (INTRO)

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് തുടക്കമായി. പ്രോടേം സ്പീക്കർ ജി.സുധാകരന് മുന്നിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു.

**വിശദാംശങ്ങളിലേക്ക്.........**

(വോയ്സ്)

## KERALA ASSEMBLY (VOICE)

ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലായിരുന്നു അംഗങ്ങളുടെ സത്യപ്രതിജ്ഞ. കളമശേരിയിൽ നിന്നുള്ള അംഗം വി ഇ അബ്ദുൾ ഗഫൂറാണ് ആദ്യം സത്യപ്രതീജ്ഞ ചെയ്തത്. മഞ്ചേശ്വരം അംഗമായ എ കെ എം അഷറഫ് കന്നഡയിലാണ് സത്യപ്രതിജ്ഞ എടുത്തത്. ദേവികുളം അംഗം എഫ്.രാജ തമിഴിലും സത്യപ്രതിജ്ഞ ചെയ്തു. ഫൈസൽ ബാബു, മാണി സി കാപ്പൻ മാത്യു കുഴൽനാടൻ, രമേശ് ചെന്നിത്തല തുടങ്ങിയവർ ഇംഗ്ലീഷിൽ സത്യ പ്രതിജ്ഞ എടുത്തു. സേവ്യർ ചിറ്റിലപ്പള്ളിയാണ് സത്യ പ്രതിജ്ഞ പട്ടികയിൽ അവസാനത്തെ അംഗം. ജൂൺ മൂന്നു വരെയാണ് പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനം നടക്കുന്നത്. അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തെരഞ്ഞെടുപ്പുമാണ് സമ്മേളനത്തിന്റെ ആദ്യ ദിവസങ്ങളിലെ പ്രധാന കാര്യ പരിപാടികൾ. നാളെയാണ് സ്പീക്കർ തെരഞ്ഞെടുപ്പ്. മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനാണ് യുഡിഎഫിന്റെ സ്പീക്കർ സ്ഥാനാർത്ഥി. സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം പിരിയുന്ന സഭ, ഈ മാസം 29-ന് വീണ്ടും ചേരും. അന്നെ ദിവസം ഗവർണറുടെ നയപ്രഖ്യാപനം നടക്കും. ജൂൺ ഒന്ന് മുതൽ മൂന്നു വരെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് മേലുള്ള നന്ദി പ്രമേയ ചർച്ച സഭയിൽ നടക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

**&&&&&&&&&&&&&&&&&&**

## FALTA REPOLL

പശ്ചിമ ബംഗാളിലെ ഫാൽട്ട നിയമസഭാ മണ്ഡലത്തിൽ റീപോളിംഗ് പുരോഗമിക്കുന്നു. 11 മണി വരെ 42 ശതമാനമാണ് പോളിംഗ്. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം 6 മണിക്ക്

അവസാനിക്കും. രണ്ട് സ്വതന്ത്രർ ഉൾപ്പെടെ ആറ് സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥി ജഹാംഗീർ ഖാൻ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മാസം 24 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

## PM-RAJIV GANDHI

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ. രാജീവ് ഗാന്ധിയുടെ ചരമവാർഷികത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും ഡൽഹിയിലെ 'വീർ ഭൂമിയിൽ' പുഷ്പാർച്ചന നടത്തി. തിരുവനന്തപുരം കെപിസിസി ആസ്ഥാനത്ത് നടന്ന അനുസ്മരണ പരിപാടിയിൽ മുഖ്യമന്ത്രി വിഡി സതീശൻ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## GADKARI HIGHWAY MEETING

ത്രിപുര, അരുണാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങളിലെ ഹൈവേകളുടെ ഗുണനിലവാരവും പരിപാലനവും സംബന്ധിച്ച പുരോഗതി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. സുസ്ഥിരവും കാര്യക്ഷമവുമായ ഹൈവേകൾ കണക്റ്റിവിറ്റിക്കും യാത്രാ സൗകര്യം ശക്തിപ്പെടുത്തുന്നതിനും അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സഹമന്ത്രിമാരായ അജയ് തംത, ഹർഷ് മൽഹോത്ര, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PRADHAN - SOCIAL MEDIA

മെറ്റ, ഗൂഗിൾ, ടെലിഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളുടെ പ്രതിനിധികളുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ

കൂടിക്കാഴ്ച നടത്തി. ടെലിഗ്രാം ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളിലൂടെ മത്സര പരീക്ഷകളുമായി ബന്ധപ്പെട്ട തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നതിൽ അദ്ദേഹം ആശങ്ക അറിയിച്ചു. ജൂൺ 21 ന് നടക്കാനിരിക്കുന്ന നീറ്റ് (യുജി) പുനഃപരീക്ഷയ്ക്ക് മുന്നോടിയാണ് യോഗം വിളിച്ചത്. നീറ്റ്-യുജി പുനഃപരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് വിളിച്ചു ചേർത്ത കേന്ദ്ര സുരക്ഷാ, ഇന്റലിജൻസ് ഏജൻസികളുടെ യോഗത്തിലും ശ്രീ. ധർമ്മേന്ദ്ര പ്രധാൻ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&

## DGHS – EBOLA DISEASE

എബോള രോഗബാധ റിപ്പോർട്ട് ചെയ്യ രാജ്യങ്ങളിൽ നിന്ന് എത്തുന്നവർക്ക് കർശന ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. എബോള റിപ്പോർട്ട് ചെയ്യ രാജ്യങ്ങൾ വഴി യാത്ര ചെയ്ത് വരുന്നവർക്കും ഇത് ബാധകമായിരിക്കുമെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസ് അറിയിച്ചു. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഉഗാണ്ട, ദക്ഷിണ സുഡാൻ തുടങ്ങിയ അതീവ ജാഗ്രതാനിർദ്ദേശമുള്ള രാജ്യങ്ങൾ സന്ദർശിച്ചവർ രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വൈദ്യസഹായം തേടണം. എബോള രോഗിയുടെ രക്തവുമായോ ശരീര സ്രവങ്ങളുമായോ നേരിട്ട് സമ്പർക്കം പുലർത്തിയ യാത്രക്കാർ ഇമിഗ്രേഷൻ ക്ലിയറൻസിന് മുമ്പ് എയർപോർട്ട് ഹെൽത്ത് ഓഫീസറെയോ ഹെൽത്ത് ഡെസ്കിനെയോ അറിയിക്കണമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## P HARISH UNSC (INTRO)

ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിൽ പാകിസ്ഥാനെതിരെ രൂക്ഷ വിമർശനവുമായി ഇന്ത്യ. സ്വന്തം രാജ്യത്തെ പരാജയങ്ങൾ മറച്ചുവെക്കാനാണ് പാകിസ്ഥാൻ അതിർത്തിയിലും മറ്റ് രാജ്യങ്ങളിലും അക്രമം നടത്തുന്നതെന്ന് യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് പറഞ്ഞു. ഇന്ത്യയുടെ ആഭ്യന്തര വിഷയങ്ങളിൽ ഇടപെട്ട്

പാകിസ്ഥാൻ സംസാരിക്കുന്നത് ഉചിതമല്ലെന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7:30 ന് അഹമ്മദാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 171 പോയിന്റ് ഇടിഞ്ഞ് 75,131 ലും, നിഫ്റ്റി 21 പോയിന്റ് നഷ്ടത്തിൽ 23,626 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കൂടി. പവന് 360 രൂപ വർധിച്ച് ഒരു ലക്ഷത്തി 17,280 രൂപയും, ഗ്രാമിന് 14,660 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**RAIN - KERALA**

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും

മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**NADDA - TB**

ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിയുടെ കീഴിൽ ക്ഷയരോഗം തുടച്ചുനീക്കുന്നതിനായി ലോകത്തിലെ ഏറ്റവും വലിയ പരിശോധന - രോഗനിർണ്ണയ പ്രവർത്തനങ്ങളിലൊന്നാണ് ഇന്ത്യ നടപ്പിലാക്കുന്നതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ. ജനീവയിൽ നടന്ന 79-ാമത് ലോകാരോഗ്യ അസംബ്ലിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വീടുവീടാന്തരമുള്ള സന്ദർശനം, മൊബൈൽ സ്ക്രീനിംഗ്, കമ്മ്യൂണിറ്റി കാമ്പെയ്നുകൾ, തുടങ്ങിയവയിലൂടെ ദുർബല വിഭാഗങ്ങൾക്കിടയിൽ സജീവമായ രോഗനിർണ്ണയ പ്രവർത്തനങ്ങൾ രാജ്യത്ത് നടന്നുവരുന്നതായി അദ്ദേഹം പറഞ്ഞു. നൂതന ആശയങ്ങൾ സമത്വത്തിന് വേണ്ടിയുള്ളതായിരിക്കണമെന്നും സാങ്കേതികവിദ്യ എല്ലാവർക്കും ഒരുപോലെ ലഭ്യമാകേണ്ടതുണ്ടെന്നും ശ്രീ നഡ്ഡ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&&